**തദ്ദേശസ്വയംഭരണ വകുപ്പ്(ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ്&എഞ്ചിനീയറിംഗ് വിംഗ്)**
**ചീഫ് എഞ്ചിനീയറുടെ കാര്യാലയം, ചീഫ് എഞ്ചിനീയറുടെ നടപടിക്രമം**
സന്നിഹിതൻ- ജോൺസൺ കെ

വിഷയം:- തസ്വഭവ - എൽ.ഐ.ഡി & ഇ.ഡബ്ല്യൂ - ജീവനക്കാര്യം - ശ്രീ. മുഹമ്മദ് മുസ്തഫ കെ (PEN 637634), മൂന്നാംതരം ഓവർസിയറുടെ രണ്ടാംതരം ഓവർസിയർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് മുൻകാലപ്രാബല്യം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. ഈ കാര്യാലയത്തിലെ 18-07-2019- ലെ ഇ5/6160/12/സിഇ/തസ്വഭവ(1) നമ്പർ ഉത്തരവ്
2. ഈ കാര്യാലയത്തിലെ 20-02-2020- ലെ ഇ5/2383/2020/സിഇ/തസ്വഭവ നമ്പർ ഉത്തരവ്
3. ഈ കാര്യാലയത്തിലെ 26-02-2020 ലെ ഇ5/2383/2020/സിഇ/തസ്വഭവ നമ്പർ ഉത്തരവ്
4. ശ്രീ. മുഹമ്മദ് മുസ്തഫ കെ, മൂന്നാംതരം ഓവർസിയറുടെ 18-02-2020 ലെ അപേക്ഷ
5. 16-01-2020 ലെ സ.ഉ (സാധാ) നമ്പർ 143/2020/തസ്വഭവ ഉത്തരവ്
6. സ.ഉ (പി)നം.515/2007/ധന, തീയതി. 19.10.2007.
7. സ.ഉ (പി)നം.629/2010/ധന, തീയതി. 25.11.2010.

## ഉത്തരവ് നം. ഇ5/2383/2020/സിഇ/തസ്വഭവ തീയതി 09.02.2021

ഈ വകുപ്പിലെ മൂന്നാംതരം ഓവർസിയർ തസ്തികയിലെ സീനിയോറിറ്റി അനുസരിച്ച് പരാമർശം (1) ഉത്തരവ് പ്രകാരം രണ്ടാംതരം ഓവർസിയർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കേണ്ടിയിരുന്ന ശ്രീ. മുഹമ്മദ് മുസ്തഫ കെ, മൂന്നാംതരം ഓവർസിയർക്കെതിരെ അച്ചടക്കനടപടി നിലനിന്നിരുന്നതിനാൽ ടിയാനെ പ്രസ്തുത സ്ഥാനക്കയറ്റത്തിൽ നിന്നും ഒഴിവാക്കുകയും പരാമർശം (5) ഉത്തരവ് പ്രകാരം ടി അച്ചടക്കനടപടി 'ശാസന' നൽകി തീർപ്പാക്കിയതിന് ശേഷം ടിയാന്റെ അപേക്ഷ പരിഗണിച്ച് പരാമർശം (3) പ്രകാരം രണ്ടാംതരം ഓവർസിയറായി സ്ഥാനക്കയറ്റം നൽകിയിട്ടുള്ളതുമാണ്. എന്നാൽ പരാമർശം (2) ഉത്തരവ് പ്രകാരം ടിയാന്റെ ജൂനിയർ ആയിട്ടുള്ള മൂന്നാംതരം ഓവർസിയർമാർക്ക് സ്ഥാനക്കയറ്റം നൽകുകയുണ്ടായി. ആയതിനാൽ ടിയാന് 20-02-2020 മുതൽ പ്രസ്തുത സ്ഥാനക്കയറ്റത്തിന് അർഹതയുള്ളതാണ്.

മേൽ സാഹചര്യത്തിൽ, ശ്രീ. മുഹമ്മദ് മുസ്തഫ കെ (PEN 637634)-യുടെ രണ്ടാംതരം ഓവർസിയർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് 20-02-2020 മുതൽ മുൻകാലപ്രാബല്യം നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ടിയാന് 20-02-2020 മുതൽ രണ്ടാംതരം ഓവർസിയർ തസ്തികയിൽ സീനിയോറിറ്റിയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. കൂടാതെ ടിയാന് പരാമർശം (6), (7) പ്രകാരമുള്ള സാമ്പത്തികാനുകൂല്യത്തിനും അർഹതയുണ്ടായിരിക്കുന്നതാണ്.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

വ്യക്തിക്ക് (നിയന്ത്രണാധികാരി മുഖേന)

അംഗീകാരത്തോടെ

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്(എസ്റ്റ.)**

പകർപ്പ്:
1. കോഴിക്കോട് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക്.
2. കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക്.
3. കരുതൽ ഫയൽ